# ഋതുമതിയുടെ നോമ്പും നമസ്കാരവും

[ Malayalam - മലയാളം - مليالم ]

# ﴿ ما يجوز ويمتنع من الحائض ﴾


ഇസ്ലാമിക ഫത്‌വാ ബോർഡ് - സൗദി അറേബ്യ

إعداد : اللجنة الدائمة للبحوث العلمية والإفتاء


darlifta.net - ഫത്‌വ നമ്പർ 1545


വിവർത്തനം: ശാക്കിർ ഹുസൈൻ സ്വലാഹി

ترجمة : شاكر حسين صلاحي



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض المملكة العربية السعودية

islamhouse.com

1431 – 2010

بسم الله الرحمن الرحيم

**ചോ:** ഋതുമതിയുടെ നോമ്പിന്റേയും നമസ്കാരത്തിന്റേയും വിഷയത്തിൽ ചില കാര്യങ്ങളെല്ലാം ഗ്രഹിക്കാനിടയായി, ശരിയായ ഒരു വിശദീകരണം തന്നാലും?

الحمد لله وحده والصلاة والسلام على رسوله وآله وصحبه .. وبعد :

**ഉ:** സ്ത്രീ ഋതുമതിയായാൽ നോമ്പും നമസ്കാരവും പാടില്ല, ശുദ്ധിയായാൽ നഷ്ടപ്പെട്ട നിർബന്ധ നോമ്പ് അവൾ നോറ്റു വീട്ടണം എന്നാൽ നമസ്കാരം ഖളാഅ് വീട്ടേണ്ടതില്ല, ഇമാം ബുഖാരിയും മറ്റും ഉദ്ധരിക്കുന്ന സ്ത്രീയുടെ മതത്തിലെ കുറവിനെക്കുറിച്ച് വിവരിക്കുന്ന പ്രവാചക(ﷺ)വചനമാകുന്നു ഇതിന്ന് തെളിവ് .

أليست إحداكن إذا حاضت لا تصوم ولا تصلي : (البخاري 1 / 45)

“നിങ്ങളിലൊരാൾ രജസ്വലയായാൽ നമസ്കരിക്കുകയോ നോമ്പനുഷ്ഠിക്കുകയോ ചെയ്യരുത് ” (ബുഖാരി :304)

ബുഖാരി, മുസ്ലിം, അബൂദാവൂദ്, നസാഇ, തിർമിദി, ഇമാം അഹ്മദ് എന്നീ ഹദീസ് പണ്ഡിതൻമാർ ഉദ്ധരിക്കുന്ന ഹദീസിലും ഇവ്വിഷയം കാണാം.

عن معاذة أنها سألت عائشة رضي الله عنها قالت ما بال الحائض تقضي الصوم ولا تقضي الصلاة ، فقالت عائشة رضي الله عنها : أحرورية أنت؟ ، قالت : لست بحرورية ، ولكني أسأل ، فقالت : كنا نحيض على عهد رسول الله صلى الله عليه وسلم فنؤمر بقضاء الصوم ولا نؤمر بقضاء الصلاة. (البخاري 1 / 356، ومسلم 1 / 265 برقم (335) ، وأبو داود 1 / 68 ، 69 برقم (262 ، 263) والنسائي 1 / 191 ، 192 ، والترمذي برقم (787).

“മുആദ(ﷺ)യിൽ നിന്ന് അവർ ആയിശ(ﷺ)യോട് ചോദിക്കുന്നു: ആർത്തവകാരി നഷ്ടപ്പെട്ട നോമ്പ് നോറ്റു വീട്ടണമെന്നും നമസ്കാരം ഖളാഅ് വീട്ടേണ്ടതില്ല എന്നും പറയാൻ കാരണമെന്ത്? ആയിശ(ﷺ) പറഞ്ഞു: നീ ഹറൂറിയ്യയാണോ? (ഇറാക്കിലെ കൂഫക്കടുത്തുള്ള ഒരു സ്ഥലമാകുന്നു ഹറൂറിയ്യ ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് പിഴച്ചു പോയ ഖവാരിജുകളുടെ തു

ടക്കം ഈ പ്രദേശത്തു നിന്നായിരുന്നു, ദീനിന്റെ അടിസ്ഥാന പ്രമാണങ്ങളേക്കാൾ സ്വാഭിപ്രായത്തിന് പരിഗണന നൽകുന്നവർക്ക് ഹറൂറി എന്ന് പ്രയോഗിക്കും). സ്വാഭിപ്രായത്തിന് പരിഗണന നൽകുന്നവളാണോ എന്ന അർഥത്തിലാണ് ആയിശ(ﷺ) ആ സ്ത്രീയോട് അപ്രകാരം ചോദിക്കുന്നത്. ഞാൻ ഹറൂറിയായത് കൊണ്ട് കാര്യമറിയാൻ വേണ്ടി ചോദിക്കുകയാണെന്ന് മുആദ(ﷺ) പ്രതിവചിച്ചു ആയിശ(ﷺ) പറഞ്ഞു: ഞങ്ങൾ പ്രവാചക(ﷺ)ന്റെ കാലത്ത് രജസ്വലകളാകാറുണ്ടായിരുന്നു ഞങ്ങളോട് നോമ്പ് ഖളാഅ് വീട്ടാൻ അവിടുന്ന് കൽപിച്ചിരുന്നു എന്നാൽ നമസ്കാരം ഖളാഅ് വീട്ടാൻ കൽപിച്ചിരുന്നില്ല. (ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, തിർമിദി, നസാഈ )

മഹിളകളോടുള്ള അല്ലാഹുവിന്റെ കാരുണ്യവും, ആർദ്രതയും വ്യക്തമാക്കുന്നതാകുന്നു ഈ ഇളവ്, നമസ്കാരം ദിനരാത്രങ്ങളിലായി അഞ്ച് തവണ ആവർത്തിക്കുന്ന കർമമാകുന്നു, ഋതുരക്തമാകട്ടെ എല്ലാ മാസവും ആവർത്തിക്കുന്നതുമാകുന്നു. അതുകൊണ്ട് തന്നെ നമസ്കാരം അനുഷ്ഠിക്കൽ പ്രയാസകരമായതിനാൽ ഇളവു നൽകി എന്നാൽ നോമ്പാകട്ടെ വർഷത്തിലൊരിക്കൽ മാത്രമുള്ള കർമമായതിനാൽ ഋതുരക്ത സാന്നിധ്യമുള്ള സമയത്ത് നോമ്പ് ഒഴിവാക്കാനും പിന്നീട് സൗകര്യം പോലെ നോറ്റു വീട്ടാനും കൽപിച്ചു. മതപരമായ വിഷയങ്ങളിലെ നന്മയാകുന്നു ഇതു കൊണ്ടുദ്ദേശ്യം.

وبالله التوفيق ، وصلى الله على نبينا محمد وآله وصحبه وسلم .

<u>اللجنة الدائمة للبحوث العلمية والإفتاء</u>

| الرئيس | نائب رئيس اللجنة | عضو | عضو |
|---|---|---|---|
| عبد العزيز بن عبد الله بن باز | عبد الرزاق عفيفي | عبد الله بن غديان | عبد الله بن قعود |

السؤال الثاني من الفتوى رقم 1545

الجزء رقم : 5، الصفحة رقم: 393

******************